**പതിമൂന്നാം കേരള നിയമസഭ**

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 980 11.03.2015 ലെ മറുപടിക്ക്

**മാവേലിക്കര മണ്ഡലത്തിൽ വിജ്ഞാനവാടികൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ആർ. രാജേഷ്** | | **ശ്രീ. എ.പി.അനിൽ കുമാർ (പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)** | |
| (എ) | മാവേലിക്കര മണ്ഡലത്തിൽ വിജ്ഞാനവാടികൾ ആരംഭിക്കുന്നതിന് തെരഞ്ഞെടുക്കപ്പെട്ട ഗ്രാമ പഞ്ചായത്തുകൾ ഏതൊക്കെയെന്ന് വിശദമാക്കുമോ; | (എ) | തെക്കേക്കര, താഴക്കര, താമരക്കുളം, വള്ളികുന്നം, പാലമേൽ എന്നീ ഗ്രാമ പഞ്ചായത്തുകളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത് . |
| (ബി) | പൂർത്തീകരിക്കപ്പെട്ട വിജ്ഞാന വാടികളുടെ വിശദാംശങ്ങൾ നൽകുമോ; | (ബി) | തെക്കേക്കര, താഴക്കര, താമരക്കുളം, വള്ളികുന്നം എന്നീ പഞ്ചായത്തുകളിൽ കെട്ടിട നിർമ്മാണം പൂർത്തിയായിട്ടുണ്ട്. |
| (സി) | വിജ്ഞാനവാടികൾ ആരംഭിക്കാൻ കഴിയാത്ത പഞ്ചായത്തുകളുടെയും അതിനുള്ള കാരണത്തിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (സി) | ചുനക്കര, നൂറനാട്, പഞ്ചായത്തുകളിൽ വിജ്ഞാൻവാടികൾ ആരംഭിക്കുവാൻ കഴിഞ്ഞില്ല. സ്ഥലം ലഭ്യമല്ലാത്തതാണ് കാരണം. |
| (ഡി) | വിജ്ഞാനവാടികളുടെ പ്രവർത്തനത്തിന്റെ വിശദാംശങ്ങൾ നൽകുമോ; | (ഡി) | ഇന്റർനെറ്റ് സംവിധാനത്തോടെയുള്ള കമ്പ്യൂട്ടറും, ലൈബ്രറിയും, റീഡിംഗ് റൂമും ഉൾപ്പെടെ വിജ്ഞാൻവാടി സ്ഥാപിക്കുക വഴി കോളനി നിവാസികൾക്ക് പ്രത്യേകിച്ച് വിദ്യാർത്ഥികളിലും ഉദ്യോഗാർത്ഥികളിലും വായനാശീലം വളർത്തുകയും ഇന്റർനെറ്റ് പോലുള്ള നൂതന സാങ്കേതിക വിദ്യ പരിചയപ്പെടുത്തുകയും ചെയ്യുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. തൊഴിൽ ലഭ്യമാകുന്നതിനുതകുന്ന തരത്തിലുള്ള വിജ്ഞാനപ്രദമായ പുസ്തകങ്ങൾ, തൊഴിൽ പ്രസിദ്ധീകരണങ്ങൾ എന്നിവ വിജ്ഞാൻവാടിയിലെ ലൈബ്രറി -കം-റീഡിംഗ് റൂമിൽ ലഭ്യമാക്കുന്നുണ്ട്. കൂടാതെ മത്സര പരീക്ഷകൾക്ക് ഓൺലൈനായി അപേക്ഷ സമർപ്പിക്കുവാനും വിജ്ഞാൻവാടികളിലൂടെ സാധിക്കും. |
| (ഇ) | പൂർത്തികരിച്ച വിജ്ഞാനവാടികൾ അടിയന്തിരമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ? | (ഇ) | നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ